
ഡിജിറ്റൽ മാഗസിൻ 2018-19

# ജ്വാല



ജി.എച്ച്.എസ്.എസ് വീയപുരം

# ജ്വാല

എഡിറ്റർ- ധനഞ്ജയ് കൃഷ്ണ യു.എസ്

കവർ പേജ് ഡിസൈനിംഗ്- ജോയൽ വർഗീസ്

# സമർപ്പണം

പ്രളയത്തെ അതിജീവിക്കാൻ നമ്മളെ പ്രാപ്തരാക്കിയ എല്ലാ മനുഷ്യസ്നേഹികൾക്കും വേണ്ടി ഈ 'ജ്വാല' സമർപ്പിക്കുന്നു.

കാലം....

നൈരന്തര്യത്തിന്റെ തുടർക്കഥ....

അതിജീവനത്തിന്റെ മഹാമന്ത്രണം ...

സുഖശീതളിമയുടെ മാസ്മരികതയിൽ....

അറിവും ആത്മജ്ഞാനവും

തേടിയുള്ള യാത്രയിൽ.....

നിത്യവിസ്മയമായ്.....

നിറ സൗന്ദര്യമായി....

വന്നെത്തുന്ന നാദധാരപോലെ....

സർഗ്ഗലയതാളങ്ങൾ നിറഞ്ഞ്....

മനസ്സിന്റെ മഹാമന്ത്രണം.....

അതിന് കരുത്തും നിറവും നൽകാൻ

ഒരു സംഘം ഗുരുക്കൻമാരും

നന്മയുടെ പൂത്തുമ്പികളാകുന്ന

പ്രിയ കൂട്ടുകാരും .....

സർവ്വ സർഗ്ഗശേഷികളും ....

ഉത്ഫുല്ലമായ്...നിറവെളിച്ചമായിത്തീരും

എന്ന പ്രത്യാശയോടെ....

ഈ മാസിക യാഥ്യാർത്ഥ്യമാക്കാൻ പ്രവർത്തിച്ച ഏവരേയും നന്ദിയോടെ സ്മരിച്ചുകൊണ്ട്......

നിങ്ങളുടെ മാഗസിൻ എഡിറ്റർ

ധനഞ്ജയ് കൃഷ്ണ.യു.എസ്



# സന്ദേശം



കാലംമാറി,

നമ്മുടെ സഞ്ചാരപഥങ്ങൾമാറി,


വിരൽതൊട്ടാലുണരുന്ന വർണപ്രപഞ്ചം

നവചൈതന്യത്തുടിപ്പുകൾ - "ഡിജിറ്റൽ മാഗസിൻ "

അധ്യാപനത്തോടൊപ്പം കുട്ടികളിലെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിൽ വീയപുരം സ്കൂളിലെ അധ്യാപകരുടെ ശ്രമങ്ങൾ ചെറുതല്ല. ആ ശ്രമങ്ങളുടെ ഒരു കണ്ണി കൂടി ആകുകയാണ് ഈ "മാഗസീൻ.'

വിദ്യാർഥികളുടേയും അധ്യാപകരുടേയും സർഗപ്രക്രിയകൾക്ക് ചിറകുകൾ ഏകാൻ ഈ മാഗസീനിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. ഈ മാഗസീൻ മലയാളത്തിന്റെ മധുവും മന്ദസ്മിതവുമായി മാറട്ടെ!

ഭാവുകങ്ങൾ നേരുന്നു........



ദേവദാസ്

ചലച്ചിത്രഗാന രചയിതാവ്

"നല്ലത് എന്നും ലോകത്ത് നല്ലതാണ് കാരണം അത് വിരളവും ആനന്ദദായകവുമാണ്". ഈ ഡിജിറ്റൽ മാസിക വിവിധ വ്യവഹാരരൂപങ്ങളാൽ സമ്പുഷ്ടമാണ്. ഭാഷയും സാങ്കേതികവിദ്യയും ഒരുപോലെ കൈകോർക്കുന്ന ഈ മാസിക വായനക്കാർക്ക് അറിവിന്റെ വസന്തം സമ്മാനിക്കുമെന്നതിൽ സംശയമില്ല. നമ്മുടെ പ്രഥമ സംരംഭമായ ഈ മാസിക 'ലിറ്റിൽ കൈറ്റ് ' എന്ന കൂട്ടായ്മയുടെ സാങ്കേതിക പരിജ്ഞാനത്തിന്റെ പ്രതിഫലനവുമാണ്. കലയും ശാസ്ത്രവും സാങ്കേതിക വിദ്യയും ഒത്തുചേരുമ്പോൾ അത്ഭുതങ്ങൾ ഉണ്ടാകുന്നു. വായനക്കാരുടെ മനസ്സിലും ചിന്താമണ്ഡലത്തിലും അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ ഈ മാസികയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.



ഷൈനി ഡി
ഹെഡ്മിസ്ട്രസ്



"വീയപുരം ഗവ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് സംരഭമായ ഡിജിറ്റിൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും"



പി റ്റി എ പ്രസിഡന്റ്
സി.പ്രസാദ്

# താളുകൾ മറിയുമ്പോൾ


| | | |
|---|---|---|
| 1. | വർണ്ണ പൂമ്പാറ്റ | 8 |
| 2. | കുട്ടിക്കവിതകൾ | 9 |
| 3. | നായ്ക്കുട്ടിയിടെ സ്നേഹം | 10 |
| 4. | പരീക്ഷാഭയം | 11 |
| 5. | വസന്തം വരവായി | 13 |
| 6. | പ്രളയം | 14 |
| 7. | പ്രശ്നോത്തരി | 15 |
| 8. | ഇഷ്ടം | 19 |
| 9. | പ്രകൃതിയിൽ ഒരു ദിനം | 21 |
| 10. | അക്ഷരക്കൂട്ട് | 25 |
| 11. | നാടൻപാട്ട് | 26 |
| 12. | കവിതകൾ | 27 |
| 13. | ദാരിദ്രം എന്ന മഹാവിപത്ത് | 28 |
| 14. | മണ്ണ് | 30 |
| 15. | തവളച്ചൻ | 33 |
| 16. | ഞങ്ങളുടെ ശലഭോദ്യാനം | 34 |
| 17. | ഓണനിലാവ് | 36 |
| 18. | നൊമ്പരം | 37 |
| 19. | വലയിൽ ചാടിയ സിംഹം | 38 |
| 20. | മാടത്തക്കിളിയോട് | 39 |
| 21. | മഹത്‌വ്യക്തികൾ | 40 |
| 22. | എന്റെ പൂന്തോട്ടം | 46 |
| 23. | അമ്മ | 47 |
| 24. | കാറ്റിന്റെ നിഴൽസ്പർശം | 48 |
| 25. | ഓണപ്പാട്ട് | 49 |
| 26. | The Almighty | 50 |
| 27. | Rose Flower | 51 |
| 28. | सुबह | 52 |
| 29. | राष्ट्रीय सूक्तियाँ | 53 |
| 30. | गिनती गीत | 54 |

# വർണ പൂമ്പാറ്റ



പാറിപാറി വരുന്ന കുഞ്ഞി പൂമ്പാറ്റ
പല വർണ്ണത്തിൽ പൂമ്പാറ്റ
എന്തൊരു ചന്തം പൂമ്പാറ്റ
എന്തൊരു സുന്ദര പൂമ്പാറ്റ
എന്തൊരു ഭംഗി പൂമ്പാറ്റ
പൂക്കളിൽ നിന്ന് തേൻ നുകരും പൂമ്പാറ്റ
പൂവുകൾ തോറും പാറി നടക്കും പൂമ്പാറ്റ
പാറി കളിക്കും പൂമ്പാറ്റ

ജിയ
ക്ലാസ്-2

## പൂമ്പാറ്റ



പൂവിലുറങ്ങും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പൂവിതളായി പൂമ്പാറ്റ
പൂങ്കരളായി പൂമ്പാറ്റ
പൂമ്പൊടി പൂശി പൂമ്പാറ്റ
പൂവിലിരുന്നു പൂമ്പാറ്റ
പൂപോലായി പൂമ്പാറ്റ
തോറും പാറി നടക്കും പൂമ്പാറ്റ
പാറി കളിക്കും പൂമ്പാറ്റ

ദിയ ദീപു
ക്ലാസ്-4

# കുട്ടിക്കവിതകൾ



ഷൈനി ബി

## പേര് പറയാമോ?

നിറമുണ്ട് മുള്ളുണ്ട്

കയ്പുണ്ട് ഗുണമുണ്ട്

പറയാമോ പറയാമോ കൂട്ടുകാരെ

ഈ വില്ലന്റെ പേരെന്ത് ? പേരെന്ത്?

## മധുര മിഠായി

കുട്ടാ കുട്ടാ കുട്ടായി

കുട്ടനു വേണോ മിഠായി

മധുരം കിനിയും മിഠായി

പല്ലു പുഴുക്കും മിഠായി

## നെയ്യപ്പം

കുട്ടയിലുണ്ട് നെയ്യപ്പം

വട്ടിയിലുണ്ട് ഇലയപ്പം

തട്ടിയെടുക്കാൻ കുട്ടപ്പൻ

കട്ടു തിന്നാൻ കൂട്ടുകാർ.

# നായ്ക്കുട്ടിയുടെ സ്നേഹം

ഒരു കൃഷിക്കാരന് രണ്ടു ആൺകുട്ടികൾ ഉണ്ടായിരുന്നു.അദ്ദേഹവും ഭാര്യയും കൃഷിപ്പണി ചെയ്താണ് മക്കളെ വളർത്തിയത്.ഒരു ദിവസം കൃഷിക്കാരൻ വീട്ടിൽ ഒരു നായ്ക്കുട്ടിയെ കൊണ്ടുവന്നു. ആ നായ എന്നും രാവിലെ അദ്ദേഹത്തിന്റെ കൂടെ കൃഷിസ്ഥലത്തേക്ക് പോകും.കൃഷിക്കാരൻ തിരികെ വരുമ്പോൾ നായ്ക്കുട്ടിയും തിരികെ വരും.കൃഷിക്കാരൻ എന്നും നായ്ക്കുട്ടിക്കുള്ള ആഹാരം കൂടി കൊണ്ടുപോകും. അങ്ങനെയിരിക്കെ ഒരു ദിവസം കൃഷിക്കാരനും ഭാര്യയും കൃഷിസ്ഥലത്തേക്ക് പോയപ്പോൾ നായ കൂടെ പോയില്ല.കൃഷിക്കാരന് കാര്യമൊന്നും മനസ്സിലായില്ല.കുട്ടികൾക്ക് സ്കൂൾ അവധിയായതിനാൽ നായ്ക്കുട്ടി അവർക്ക് കാവലിരിക്കുകയായിരുന്നു.കുട്ടികൾ പുഴയിൽനിന്ന് മീൻ പിടിച്ച് കളിക്കുകയായിരുന്നു.അതിനിടയിൽ ഇളയ കുട്ടി പുഴയിലേക്ക് വീണു.മൂത്ത കുട്ടി കരഞ്ഞുകൊണ്ട് കൃഷി സ്ഥലത്തേക്ക് ഓടി അച്ഛനോട് കാര്യം പറഞ്ഞു.അവർ ഓടി വന്നപ്പോൾ നായ്ക്കുട്ടി വെള്ളത്തിലേക്ക് ചാടി കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുന്നതാണ് കണ്ടത്.കുട്ടി നായുടെ വാലിൽ പിടിച്ചു.നായ, കുട്ടിയേയും കൊണ്ട് കരയിലേക്ക് നീന്തി.കൃഷിക്കാരനും ഭാര്യയ്ക്കും സന്തോഷമായി. അവർ നായ്ക്കുട്ടിയെ സ്നേഹത്തോടെ ചേർത്തുപിടിച്ചു.



മന്യ മനു

ക്ലാസ്-5

# EXAM FEAR



## ( പരീക്ഷാ ഭയം )


ഏതൊരു വിദ്യാർത്ഥിക്കും അവരുടെ കഴിവ് പ്രകടിപ്പിക്കാനും, അവരുടെ മനസ്സിലുള്ള പഠനസംബന്ധിയായ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുമുള്ള ഒരു വേദിയാണ് പരീക്ഷാ മുറികൾ. ഈ പറഞ്ഞതിന് പൂർണ്ണമായ സാക്ഷാത്കാരം പലപ്പോഴും സാധ്യമാകുന്നുണ്ടോ? പലപ്പോഴും പരീക്ഷയുമായി ബന്ധപ്പെട്ട് ക്ലിനിക്കിൽ വരുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ ഭീതി വിലയിരുത്തുമ്പോൾ പ്രധാനമായും പഠനക്രമങ്ങളും, അതുമായി ബന്ധപ്പെട്ടചില ചിട്ടകളും പാലിക്കപ്പെടുന്നുണ്ടോ എന്നത് സംശയമാണ്.

മുകളിൽ പറഞ്ഞതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും, അറിവിലേക്ക് ചിലസുപ്രധാനകാര്യങ്ങൾ സൂചിപ്പിക്കുന്നു.

1.പരീക്ഷകൾക്കു തയ്യാറെടുക്കുന്ന വേളയിൽ വിദ്യാർത്ഥികൾക്കു മതിയായ ഉറക്കവും, വേണ്ട അളവിലുള്ള വെള്ളവും, മിതമായ വ്യായാമവും ഉറപ്പ് വരുത്തുക

2.അദ്ധ്യാപകരുടേയോ,അല്ലെങ്കിൽ ഈ മേഖലയിലെ വിദഗ്ധരുടേയോ സഹായത്താൽ ടൈംടേബിൾ തയ്യാറാക്കി പഠനം ആരംഭിക്കുക.

3. ഒരു മണിക്കൂർ തുടർച്ചയായി പഠിക്കുന്നതിനേക്കാൾ 30 മിനിട്ട് വീതമുള്ള ഷെഡ്യൂളുകളായിരിക്കും കാര്യക്ഷമമായി പഠിക്കുവാൻ നല്ലത്. ഓരോ 30 മിനിട്ട് പിന്നിടുമ്പോൾ 5 മിനിട്ട് ഇടവേള ഉണ്ടായിരിക്കണം. ഇത് 10 മിനിട്ട് ആകാതിരിക്കാൻ ശ്രദ്ധിക്കണം.



4. പഠനസമ യം മുൻവർഷത്തെപ്പോലെ തുടങ്ങുന്നത് (രാവിലെ,രാത്രി തുടങ്ങിയ സമയങ്ങളിൽ പഠിക്കുന്നത്) നന്നായിരിക്കും.

5. 7 മണിക്കൂർ സമയം ഉറക്കം ഉറപ്പു വരുത്തുക.

6. സോഷ്യൽമീഡിയ (വാട്ട്സ് ആപ്പ്,ട്വിറ്റർ, ഇന്റെർനെറ്റ് )എന്നിവയിൽനിന്ന് വിട്ടുനിൽക്കുക. എസ്.എം.എസ് തുടങ്ങിയവക്ക് വിരാമമിടുക.

7. അവസാന നിമിഷംതയ്യാറെടുക്കൽ ഒഴിവാക്കിയാൽ, പരീക്ഷാസമ്മർദ്ദം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും.


8. വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് തയ്യാറാക്കുവാൻ അധ്യാപകരും, രക്ഷിതാക്കളും കൂട്ടായി പരിശ്രമിക്കുക.

9. ഓരോ പരീക്ഷകഴിയുംതോറും, ചോദ്യപേപ്പറുകൾ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കാതിരിക്കാൻ ശ്രദ്ധിക്കണം.

10. നന്നായി പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ സ്കൂളും,രക്ഷിതാക്കളും വിദ്യാർത്ഥികൾക്ക് നല്ല സാഹചര്യങ്ങൾ ഉണ്ടാക്കികൊടുക്കുക.

**Have a hassle free exam time...**



**A.R.Unnikrishnan**
**Mindscan Psychological Service**
**Near Amritha Vidyalayam**
**Haripad.Pin:690514**
**Mob:9446586991,7560863062**

# വസന്തം വരവായി



സിന്ധുകുമാരി പി എസ്

വസന്തമേ നീയെന്റെ വാതിലിൽ
വന്നു വിളിച്ചപ്പോൾ
വാതായനങ്ങൾ
തുറന്നിട്ടു ഞാൻ

ആയിരം വർണങ്ങൾ ചാലിച്ച്
നീയെന്റെ ആരാമമെല്ലാമലങ്കരിച്ചു

ഉരുകിയകന്നൊരാ ഗ്രീഷ്മശേഷിപ്പുകൾ
പൂമുഖപ്പടിയിലായ് തങ്ങിനിൽക്കേ



എന്തെന്നറിയാത്തൊരാനന്ദ ലഹരിയിൽ
വാടാമലരുകൾ പുഞ്ചിരിച്ചു.

മഞ്ഞിച്ചതാലിക്കുലകളുമേന്തിയ-
ക്കൊന്നമലരുകൾ നൃത്തമാടി

ആരാമഭംഗി നുകരുവാൻ ശലഭങ്ങൾ
കാതങ്ങൾ പിന്നിട്ടു പാറിവന്നു.

തുടിയുണർത്തുന്നൊരാ മധുരമാംഗീതികൾ
ഭ്രമരവൃന്ദങ്ങളോ മൂളിനിന്നു.

കസവുഞൊറിയിട്ടൊരായിരം കനവുകൾ
കാണാത്ത തീരങ്ങൾതേടിയെത്തി.

വാനവും,ഭൂമിയും ആനന്ദ ലഹരിയിൽ
ആ മലർ ഗന്ധം നുകർന്നു നിന്നു.

# പ്രളയം



വർണ്ണനയ്ക്കതീതയാം ധാത്രിയെ
മർത്യർ ചൂഷണം ചെയ്യുന്നു.
അനന്തര ഫലമോ....! പ്രകൃതി
രൗദ്രഭാവത്താൽ
മഹാപ്രളയമാക്കിത്തീർക്കുന്നു
ജ്വാലമുഖിയാം പ്രകൃതിതൻ വിസ്ഫോടനം ,
മാനവനെ വൈരുപ്യത്തിലാക്കി .

മർത്യനെ പ്രകൃതിയോട് ഇണക്കാൻ
പ്രളയം വഴിയൊരുക്കി......
പ്രളയമെന്ന മഹാദുരന്തം മാനവർ
ഒന്നാണെന്ന പൊരുൾ ഉദ്ബോധിപ്പിച്ചു
ഗ്രാമീണതയുടെ നൈർമല്യവും വിശ്വ -
സ്നേഹവുമാണ് ജീവനാടിസ്ഥാനം



നന്ദന ഉത്തമൻ
ക്ലാസ്-9

# പ്രശ്നോത്തരി

1.ചോദ്യം : കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല?
ഉത്തരം : തിരുവനന്തപുരം പബ്ലിക് ലൈബ്രറി

2.ചോദ്യം : കേരളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ?
ഉത്തരം : ഇന്ദുലേഖ

3.ചോദ്യം : കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുത പദ്ധതി?
ഉത്തരം : ബ്രഹ്മപുരം

4.ചോദ്യം : കേരളത്തിലെ ആദ്യ നവോത്ഥാന രക്തസാക്ഷി?
ഉത്തരം :ആറാട്ടുപുഴ വേലായുധപണിക്കർ

5.ചോദ്യം:കേന്ദ്രകാബിനറ്റിലെത്തിയ ആദ്യത്തെ മലയാളി?
ഉത്തരം : ഡോ. ജോൺ മത്തായി

6.ചോദ്യം : കേരളത്തിലെ ആദ്യത്തെ മലയാളി കർദ്ദിനാൾ?
ഉത്തരം : കർദ്ദിനാൾ ജോസഫ് പറേക്കാട്ടിൽ

7.ചോദ്യം : കേരളത്തിലെ ആദ്യത്തെ ബാങ്ക്?
ഉത്തരം : നെടുങ്ങാടി ബാങ്ക്

8.ചോദ്യം : കേരളത്തിലെ ആദ്യത്തെ പ്രസ്സ്?
ഉത്തരം : ജസ്യൂട്ട് പ്രസ്സ്

9. ചോദ്യം : കേരളത്തിലെ ആദ്യ പേപ്പർ മിൽ?
ഉത്തരം : പുനലൂർ പേപ്പർ മിൽ

10.ചോദ്യം : കേരളത്തിലെ ആദ്യ വനിതാ മന്ത്രി?
ഉത്തരം : കെ. ആർ. ഗൗരിയമ്മ

**11.ചോദ്യം : കേരളത്തിലെ ആദ്യത്തെ ഗവർണ്ണർ?**
**ഉത്തരം : ഡോ. ബി. രാമകൃഷ്ണറാവു**

**12.മുസ്ലീം കാളിദാസൻ?**
**ഉത്തരം:മോയിൻകുട്ടി വൈദ്യർ**

**13.ക്രൈസ്തവ കാളിദാസൻ ?**
**ഉത്തരം :കട്ടക്കയം ചെറിയാൻ മാപ്പിള**

**14.കേരള കാളിദാസൻ ?**
**ഉത്തരം :കേരള വർമ്മ വലിയകോയി തമ്പുരാൻ**

**15.കേരള യോഗീശ്വരൻ ?**
**ഉത്തരം :ചട്ടമ്പി സ്വാമികൾ**

**16.കേരള ശ്രീഹരി ?**
**ഉത്തരം :ഉള്ളൂർ**

**17.കേരള ശ്രീ ഹർഷൻ ?**
**ഉത്തരം :ഉള്ളൂർ**

**18.കേരള ഹോമർ ?**
**ഉത്തരം :അയ്യപ്പിള്ള ആശാൻ**

**19.കേരള പുഷ്കിൻ ?**
**ഉത്തരം :ഒ എൻ വി കുറുപ്പ്**

**20.കേരള ചോസർ ?**
**ഉത്തരം :ചീരാമ കവി**

21.കേരള ഓർഫ്യൂസ്?
ഉത്തരം :ചങ്ങമ്പുഴ

22.കേരള ക്ഷേമേന്ദ്രൻ ?
ഉത്തരം :വടക്കുംകൂർ രാജരാജ വർമ്മ

23.കേരള മാർക് ട്വിയൻ ?
ഉത്തരം :വേങ്ങിൽ കുഞ്ഞിരാമൻ നായർ

24.കേരള ജോൺ ഗന്തർ ?
ഉത്തരം :എസ് കെ പൊറ്റക്കാട്

25.കേരള എലിയറ്റ് ?
ഉത്തരം :എൻ എൻ കക്കാട്

26.കേരള എമിലിബ്രോണ്ടി?
ഉത്തരം :ടി എ രാജലക്ഷ്മി

27.കേരള സ്കോട്ട് ?
ഉത്തരം :സി വി രാമൻപിള്ള

28.കേരള ഇബ്സൺ?
ഉത്തരം :എൻ കൃഷ്ണപിള്ള

29.കേരള പാണിനി ?
ഉത്തരം :എ ആർ രാജരാജ വർമ്മ

30.കേരള വ്യാസൻ ?
ഉത്തരം :കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

31.കേരള സൂർദാസ്?
ഉത്തരം :പൂന്താനം

32.കേരള തുളസീദാസ് ?
ഉത്തരം :വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

33.കേരള വാനമ്പാടി ?
ഉത്തരം :മേരി ജോൺ കൂത്താട്ടുകുളം

34.കേരള മോപസാങ് ?
ഉത്തരം :തകഴി

35.കേരള ഹെമിങ് വേ?
ഉത്തരം :എം ടി വാസുദേവൻ നായർ

സമ്പാ:ധനഞ്ജയ് കൃഷ്ണ
9A

# ഇഷ്ടം



വിമല എ എസ്

സിന്ദൂരമണിഞ്ഞ
സന്ധ്യയിലാകാശ
ചന്തം കാണാനെനിക്കെന്തിഷ്ടമെന്നോ
ആറ്റിലെ കുഞ്ഞോളങ്ങളെ
പുൽകും അർക്കകിരണങ്ങളെനിക്കിഷ്ടം
അന്നോരുനാൾ
തോണിയേറിയെൻ
ജീവിതത്തിലേക്കു വന്ന
നിന്നേയെനിക്കെന്തിഷ്ടമെന്നോ
സന്ധ്യയിൽ കൂടണയും
കിളിയുടെ കൂജനവുമെനിക്കിഷ്ടം.
പച്ചപ്പട്ടുചുറ്റിയ വയലേലകളുമെനിക്കിഷ്ടം.
പൂവാടിയിൽ നിന്ന്
വീശും പൂന്തെന്നലിൻ
മാർദ്ദവവുമെനിക്കിഷ്ടം
അരയാൽച്ചുവട്ടിലെ
അന്തി സംഭാഷണവും
ആനന്ദനൃത്തമാടും
ദള മർമ്മരങ്ങളുമെനിക്കേറെയിഷ്ടം.
ഇലഞ്ഞി പൂക്കും കാലവും
ആകാശ ഗന്ധർവൻ

അലങ്കരിക്കും

അകലെയുള്ളോരീ

പാലപ്പൂവിൻ പരിമളവുമെനിക്കിഷ്ടം.

മാനത്തു കണ്ട

മാരിമുകിലിനെ മാടി വിളിക്കും

മയൂഖനടന ചാരുതയുമെനിക്കിഷ്ടം.

മാന്തളിർ തിന്ന് മദിച്ച

കോകില നാദവുമെനിക്കിഷ്ടം

പുലരിയിൽ

പാടവരമ്പിലെ

പുൽക്കൊടിത്തുമ്പിലാടും

നിഹാര ബിന്ദുക്കളുമെനിക്കേറെയിഷ്ടം.

ഇടവഴിയിൽ

ഇടതൂർന്ന് വളർന്നോരാ

തുമ്പപ്പൂക്കളെയുമെനിക്കിഷ്ടം.

ഇഷ്ടമെറെയുണ്ടിവിടെ

പറയാതെ പറയുന്ന

ഇഷ്ടവുമുണ്ടെനിക്ക്.

# പ്രകൃതിയിൽ ഒരു ദിനം -

## യാത്രാവിവരണം

**പ്രഭാദേവി .എസ്**



കാടും കടലും എന്നും എനിക്ക് അത്ഭുതങ്ങളായിരുന്നു. ജീവിതയാത്രകളിൽ ഞാൻ ഏറെ ഇഷ്ടപ്പെടുന്നത് യാത്രകളും. വസ്തുതകളുടെ നേരറിവിന് യാത്രകൾ തന്നെയാണ് ഉത്തമം. അതുകൊണ്ടുതന്നെയാണ് സ്കൂളിൽ നിന്നും പുറപ്പെട്ട പ്രകൃതിപഠനക്യാമ്പിൽ ഞാൻ ഭാഗഭാക്കായത്.

ശബരിമലവിഷയവും, 'ഗജ' കൊടുങ്കാറ്റ് വിതച്ച പേമാരിയും ഞങ്ങളുടെ യാത്രയെ തടസ്സപ്പെടുത്തുമോ എന്നുള്ള ആശങ്കകൾക്കു വിരാമമിട്ടുകൊണ്ട് ബഹുമാന്യയായ ഷൈനി ടീച്ചർ നവംബർ 19 ന് തന്നെ 35 കുട്ടികളുമായി യാത്രയ്ക്ക് തയ്യാറായി. ഏറെ സന്തോഷത്തോടെ ഞങ്ങൾ അദ്ധ്യാപകരും കുട്ടികളും പാമ്പാടുംചോലയ്ക്ക് പുറപ്പെട്ടു. മൂന്നാറിൽ നിന്നും ഏകദേശം 38km ദൂരമുണ്ട് പാമ്പാടുംചോലയിലെത്താൻ. വനം വകുപ്പിന്റെ പ്രകൃതിപഠനകേന്ദ്രമായ പ്രസ്തുത സ്ഥലത്ത് 6 മണിക്കൂർ മുമ്പ് റിപ്പോർട്ട് ചെയ്യണമെന്നതുകൊണ്ട് മൂന്നാർ ടൗണിലും ഇരവികുളത്തും മാട്ടുപ്പെട്ടി ഡാമിലും ഒന്നും ഞങ്ങൾ ഇറങ്ങിയില്ല. ആയതിനാൽ കൃത്യ സമയത്ത് പാമ്പാടും ചോലയിൽ എത്തിച്ചേർന്നു.

ഫോറസ്റ്റ് ഓഫീസർ ഡോ.രൂപേഷ് സർ ഞങ്ങളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ബസ്സിൽ നിന്നിറങ്ങിയ കുട്ടികൾ പരിസരം മറന്നു ഹർഷാരവത്തോടെ ബഹളം വെച്ചതു കണ്ട മാത്രയിൽ തന്നെ സർ അവരെ നിയന്ത്രിച്ചു. നിശ്ശബ്ദതയാണിവിടെ അഭികാമ്യമെന്നും വന്യമൃഗങ്ങളുടെ ആവാസസ്ഥലത്ത് എത്തുമ്പോൾ അവയ്ക്ക് ശല്യമുണ്ടാക്കാതെ പെരുമാറണം എന്നൊക്കെ അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ കുട്ടികളെ പറഞ്ഞു മനസ്സിലാക്കി. സ്കൂളിലെപ്പോലെ ഇവിടേയും നിയന്ത്രണമാണോ? എന്ന ഭാവമായിരുന്നു നമ്മുടെ കുസൃതികൾക്ക് എങ്കിലും നിശബ്ദമായിരുന്നാൽ മൃഗങ്ങളെ നമുക്ക് അടുത്ത് കാണാൻ സാധിക്കും എന്ന് അറിഞ്ഞതിനാൽ കുട്ടികൾ സംനയനം പാലിച്ചു. പ്രകൃതിഭംഗിയും, കോടമഞ്ഞും,കുളിരും അവർ നന്നായി ആസ്വദിച്ചു. കുട്ടനാടിലെ പ്രാന്തപ്രദേശത്ത് താമസിക്കുന്ന കുഞ്ഞുങ്ങൾക്ക് കോടമഞ്ഞും കഠിനമായ തണുപ്പും ആദ്യത്തെ അനുഭവമാണ്. ആ സന്തോഷം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. നിശബ്ദതയുടെ മാസ്മരികത ഞാനും അറിഞ്ഞു. ഊട്ടിയും കൊടൈക്കനാലും ഈ പ്രകൃതിയുടെ മുമ്പിൽ ഒന്നുമല്ല എന്നതാണ് വസ്തുത. ഹരിതാഭമായ പ്രകൃതിയിലേക്ക് പുകപോലെ കനം തൂങ്ങിയെത്തുന്ന കോടമഞ്ഞിന്റെ വരവ് എത്ര കണ്ടാലും

മതിയാവില്ല. തണുത്തു വിറങ്ങലിച്ചുനിന്ന ഞങ്ങൾക്ക് ക്യാന്റീനിൽനിന്ന് കുടിച്ച ചൂടു ചായ പതിവിലുമധികം ഊർജ്ജം നൽകി.

ഏഴു മണിയോടെ രൂപേഷ് സർ വിജ്ഞാനപ്രദമായ ക്ലാസ്സ് തുടങ്ങി. ഞങ്ങളോട് ഒപ്പം വനംവകുപ്പിലെ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. പ്രൊജക്ടറുടെ സഹായത്തോടെ പാമ്പാടുംചോലയിലെ ജൈവവൈവിധ്യത്തെക്കുറിച്ചും കാലവസ്ഥയെക്കുറിച്ചും സർ പറഞ്ഞു തന്നു. ധാരാളം ഔഷധ ചെടികൾ ഉള്ള സ്ഥലമാണെന്നും, യൂക്കാലിപ്റ്റസ് മരങ്ങൾ കൂടുതൽ ഉള്ളതിനാൽ ജലാംശം വലിച്ചെടുത്ത് പരിസ്ഥിതിക്ക് നാശം വരുത്തുന്നുണ്ടെന്നും പറഞ്ഞു. പേര് സൂചിപ്പിക്കുന്നതുപോലെ പാമ്പുകൾ അത്രയൊന്നും ഇവിടെ ഇല്ല എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. വിഷകാരിയല്ലാത്ത ഒരിനം പാമ്പാണ് ഇവിടെ ഉള്ളതെന്ന് പറഞ്ഞുതന്നു . സാറിന്റെ ചോദ്യങ്ങൾക്ക് നമ്മുടെ കുട്ടികൾ നല്ലരീതിയിൽ ഉത്തരം പറഞ്ഞതിനാൽ അവരെ അഭിനന്ദിക്കാനും അദ്ദേഹം മറന്നില്ല. പത്ത് മണിയോടെ ക്ലാസ്സ് അവസാനിച്ചു.

പിറ്റേ ദിവസം അതിരാവിലെ തന്നെ കുട്ടികൾ ഉണർന്ന് ബഹളം വയ്ക്കുന്നത് കേട്ടാണ് ഞാൻ ഉണർന്നത്. എന്തായിരിക്കും രാവിലെതന്നെയുള്ള ശബ്ദകോലാഹലം എന്ന് നോക്കിയപ്പോൾ ഞാൻ ചിരിച്ചുപോയി. മുറ്റം നിറയെ കാട്ടുകുരങ്ങന്മാർ. വരാന്തകളിൽ നമ്മുടെ കുട്ടിക്കുരങ്ങന്മാർ. രണ്ടു ഗ്രൂപ്പുകളും തമ്മിലുള്ള ബഹളമായിരുന്നു അത്. കയ്യിലുണ്ടായിരുന്ന ബിസ്കറ്റുകൾ എറിഞ്ഞുകൊടുക്കുന്നത് ആവേശത്തോടെ ചാടിപ്പിടിക്കുന്ന കുരങ്ങന്മാർ. കഠിനമായ തണുപ്പിനെ വകവയ്ക്കാതെ കുഞ്ഞുങ്ങൾ ഉല്ലസിച്ച് ഹൃദയം നിറഞ്ഞ് സന്തോഷിക്കുന്ന മനോഹരമായ കാഴ്ചയിൽ ലയിച്ച് ഞാനും നിന്നു പോയി. ഞങ്ങളുടെ താമസസ്ഥലത്തിനടുത്തു റോഡിലൂടെ അല്പദൂരം നടന്നു. മലകളും താഴ്വരകളും പ്രഭാതത്തിൽ മഞ്ഞു മൂടിക്കിടന്ന കാഴ്ച ആവോളം കണ്ടു. ധാരാളം ചിത്രങ്ങൾ എടുത്തു. മൊബൈൽ ഫോണിന് തീരെയും റേഞ്ച് ഇല്ലാത്ത സ്ഥലം, വനത്തിനുള്ളിൽ ടവറുകൾ സ്ഥാപിക്കാൻ പറ്റില്ലല്ലോ. ആയതിനാൽ നാട്ടുമായിട്ട് ഞങ്ങൾക്ക് ബന്ധമില്ലാതെയായി. അതുകൊണ്ടുതന്നെ ബാഹ്യശക്തിയുടെ ഇടപെടലുകൾ ഒന്നുമില്ലാതെ



പ്രകൃതിയിലേക്ക് ഇറങ്ങാനും സാധിച്ചു. പ്രഭാത ഭക്ഷണം കഴിഞ്ഞപ്പോഴേക്കും ഫോറസ്റ്റ് ഓഫീസർ വന്ന് ഞങ്ങളെ "പട്യാഗൽ" എന്ന സ്ഥലത്തേക്ക് കൊണ്ടുപോകുന്നതായി അറിയിച്ചു. പട്യാഗൽ ഭൂപ്രദേശം ചോലവനത്തിനുള്ളിലുള്ള അത്യധികം ചൂട് അനുഭവപ്പെടുന്ന സ്ഥലമാണ്. അവിടെയുള്ള യൂക്കാലിപ്റ്റസ്,വാറ്റിൽ പോലെയുള്ള പരിസ്ഥിതി ദോഷകാരികളായ സസ്യങ്ങളെ നശിപ്പിച്ച് പ്രകൃതിക്ക് അനുയോജ്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കുന്ന ബൃഹത്തായ ഒരു പദ്ധതി ഇവിടുത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ ആരംഭിച്ചിട്ടുണ്ട്. അതിൽ ഇന്ന് ഞങ്ങളും പങ്കാളികളാകുകയാണ്. വനംവകുപ്പിന്റെ പ്രത്യേക വണ്ടിയിലാണ് ഞങ്ങളെ അവിടേക്ക് കൊണ്ടുപോയത്. വണ്ടി നിർത്തിയ സ്ഥലത്തുനിന്നും കുറേ അധികം നടന്നാണ് പട്യാഗലിൽ എത്തിയത്. മഴ പെയ്തിരുന്നതിനാൽ നടപ്പാതയ്ക്ക് വഴുക്കൽ ഉണ്ടായിരുന്നു. എത്തിപ്പെട്ട സ്ഥലത്തിന്റെ

കാലാവസ്ഥ പാമ്പാട്ടുംചോലയിൽ നിന്നും തികച്ചും വ്യത്യസ്തം. അത്ഭുതമായി മനസ്സിന് .നമ്മുടെ നാട്ടിലേതു പോലെ ചൂടേറിയ കാലാവസ്ഥ അതിശൈത്യവും, അത്യുഷ്ണവും ഒരേപോലെ അനുഭവിക്കാം ഇവിടെ. ഞങ്ങളെല്ലാം അവിടെ പലതരം ജോലികളിലേർപ്പെട്ടു. ഉദ്യോഗസ്ഥർ വിജ്ഞാനപ്രദമായ പല അറിവുകളും പങ്കുവച്ചു. മടക്കയാത്ര വളരെ രസകരമായിരുന്നു. ഒറ്റയടിപ്പാതയിലൂടെ സസ്യലതാദികൾ വകഞ്ഞുമാറ്റിക്കൊണ്ട് നടന്നുനീങ്ങുകയായിരുന്നു. ഞങ്ങൾ ലേശം ഭയം അനുഭവപ്പെടാതിരുന്നില്ല മനസ്സിൽ. വന്യമൃഗങ്ങൾ വിശ്രമിക്കുന്ന മരത്തണലിലൂടെ ആരവത്തിമിർപ്പോടെ കുട്ടികളെല്ലാം നടന്നുനീങ്ങിയപ്പോൾ ഈശ്വരനെ വിളിക്കാതിരിക്കാൻ കഴിഞ്ഞില്ല.നന്നെ ക്ഷീണിച്ച ഞങ്ങൾ കാട്ടരുവിയിലെ വെള്ളം കുടിച്ച് മുഖം ഒന്നു കഴുകിയപ്പോൾ വീണ്ടും ഉഷാറായി.

ഉച്ച ഭക്ഷണത്തിനു ശേഷം ട്രക്കിങ്ങാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമിച്ച കൊടൈക്കനാൽ പാതയിലൂടെയാണ് പോകേണ്ടത്. പണ്ട് അത് ബസ്റൂട്ടായിരുന്നെന്ന് ഗൈഡ് പറഞ്ഞു. അതുവഴി പോയാൽ കൊടൈക്കനാൽ എത്താം. പക്ഷേ ഇപ്പോൾ അത് അടച്ചിരിക്കുകയാണ്. വന്യ മൃഗങ്ങളുടെ സ്വൈരസഞ്ചാരത്തിന് വിഘാതമാണ് ഇത്തരം വഴിത്താരകൾ .നിശബ്ദരായി വേണം ട്രക്കിംഗിന് പോകേണ്ടതെന്നും ഗൈഡ് പറഞ്ഞു. കുട്ടികളുണ്ടോ കേൾക്കുന്നു? യാത്ര തുടങ്ങിയപ്പോൾതന്നെ കുരങ്ങന്മാർ ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് മരങ്ങളിലൂടെ ചാടിപ്പോയി. വനപാലകർ പറഞ്ഞതനുസരിച്ച്, മറ്റ മൃഗങ്ങൾക്കുള്ള മുന്നറിയിപ്പാണ് കുരങ്ങന്മാർ കൊടുത്തത് . അതിനാൽ ഇനി മൃഗങ്ങളെക്കാണാൻ സാധിക്കില്ല എന്ന മുന്നറിയിപ്പോടെയാണ് ഞങ്ങൾ കാടുകയറിയത്. ആനക്കൂട്ടത്തേയോ കാട്ടുപോത്തുകളേയോ മറ്റ മൃഗങ്ങളെയോ കാണാനായിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി. കുളയട്ടകൾ ധാരാളമുണ്ട് കാട്ടിൽ. അവയുടെ സജീവ സാന്നിധ്യം എല്ലാവരും അറിഞ്ഞു. ചില പെൺകുട്ടികൾ ഭയന്ന് നിലവിളിച്ചു. "രക്തദാനം മഹാദാനം" എന്ന ആശയത്തിൽ അധിഷ്ഠിതമായി ഞങ്ങളെല്ലാം അട്ടകൾക്ക് രക്തദാനം നടത്തി. മാർഗമധ്യേ വിവിധതരം സസ്യങ്ങളേയും, പക്ഷികളേയും,മൃഗങ്ങളേയും വനപാലകർ കാണിച്ചുതന്നു.

കുത്തനെയുള്ള മരം ചെരുവുകളിലൂടെയുള്ള യാത്ര ദുഷ്കരമായിരുന്നു. പലപ്പോഴും കാലുകൾ വഴുതിപ്പോയി. ചെരുപ്പും കയ്യിൽ പിടിച്ച്, മണ്ണിനേയും മലയേയും അടുത്തറിഞ്ഞായിരുന്നു പിന്നീടുള്ള എന്റെ യാത്ര. നന്നേ ക്ഷീണിച്ചായിരുന്നു തിരികെയെത്തിയത്.ഞങ്ങളെ കണ്ട മാത്രയിൽ രൂപേഷ് സർ പറഞ്ഞത് വൈകിട്ട് കൂട്ടമായി എത്തിയ കാട്ടുപോത്തുകളെക്കുറിച്ചാണ്. കാട്ടുപോത്തിന്റെ കുഞ്ഞ് പാലു കുടിക്കുന്ന വീഡിയോ എടുത്തത് ഞങ്ങളെ കാണിച്ചു. കുട്ടികളുടെ ബഹളം കൊണ്ടാണ് നേരത്തെ അവ വരാതിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രകൃതി പഠനത്തിന്റെ അവസാന ഘട്ട ക്ലാസ്സ് ഏഴു മണിക്കുതന്നെ തുടങ്ങി. തുടർന്ന് അഞ്ചു ഗ്രൂപ്പുകളായ കുട്ടികൾ അവരവരുടെ വിഷയങ്ങളുടെ സമഗ്രാവതരണം നടത്തേണ്ടുന്ന സമയമായിരുന്നു. കുട്ടികളുടെ അവതരണത്തോടൊപ്പം, ഉദ്യോഗസ്ഥരുടെ കൂട്ടിച്ചേർക്കലും കൂടിയായപ്പോഴേക്കും ഞങ്ങളുടെ പഠന ക്യാമ്പ് അന്വർത്ഥമായി. വേഴാമ്പലിനെക്കുറിച്ച് ഒരു ഹ്രസ്വചിത്രം റേഞ്ച് ഓഫീസർ കാണിച്ചു തന്നു. കുടുംബത്തിനു പ്രാധാന്യം കൊടുത്തു ജീവിക്കുന്ന

ഒരേയൊരു പക്ഷിയാണ് ഇതെന്നും, സംസ്ഥാനപക്ഷിയായി വേഴാമ്പലിനെ തിരഞ്ഞെടുത്തത് ഈ കാരണം കൊണ്ടാണെന്നും സർ പറഞ്ഞു. ക്ലാസ്സ് നടക്കുന്ന വേളയിൽ പുറത്തു കൂട്ടമായി എത്തിയ കാട്ടുപോത്തുകളെ കണ്ട് ഞങ്ങൾ അമ്പരന്നുപോയി. ഗ്ലാസ്സ് ജനലിലൂടെ കണ്ടിട്ട് മതിവരാതെ ഞങ്ങൾ പുറത്തിറങ്ങി. അത്ഭുതവും ഭയവും ഒന്നുപോലെ മനസ്സിൽ അലയടിച്ചു. ഈ പഠനയാത്രയിലെ മറ്റൊരു അസുലഭ മുഹൂർത്തമായി അത്.

രാത്രി പത്ത് മണിയോടെ ഞങ്ങൾ മടങ്ങി.മനസ്സ് നിറയെ ഹരിതാഭമായ കാടും, സുഖശീതളമായ മഞ്ഞും ,വന്യമൃഗങ്ങളും, സസ്യലതാദികളും മാത്രം....ഇനിയുള്ള പ്രകൃതിപഠന ക്യാമ്പുകളിലേക്ക് നിശ്ചയമായും എത്തണം എന്ന ദൃഢപ്രതിജ്ഞയോടെ  ഞങ്ങൾ കാടിറങ്ങി നാട്ടിലേക്ക് തിരിച്ചു.

.........................

# അക്ഷരക്കൂട്ട്

നൻമ തൻ നിറമുള്ള പുസ്തകപ്പൂക്കളിൽ
നിറയുന്നൊരറിവിന്റെ തേൻ നുകർന്നീടുവാൻ
ഏറെ കൊതിയുള്ള പൂമ്പാറ്റകൾ ഞങ്ങൾ
പാറിപ്പറക്കുന്നു അക്ഷരക്കൂട്ടിനായ് ....

മുത്തശ്ശി ചൊല്ലി പഠിപ്പിച്ച കവിതയും
മുത്തശ്ശൻ ഏറെപ്പറഞ്ഞൊരാ കഥകളും
അക്ഷരമായിട്ടു വായിച്ചുമുന്നോട്ടു
വളരുവാൻ ദൈവം തുണച്ചീടട്ടെ

വാർത്തകൾ പത്രങ്ങൾ നീളെ നിറയുന്നു
കഥകൾക്കു പുസ്തകം വേറെയുണ്ട്
കവിതകൾ വായിക്കാനെന്തു രസം....
ആഴത്തിൽ ചിന്തകൾ തീർക്കുന്നു ലേഖനം
ആഴക്കടൽ പോലെ നോവലുണ്ട്
അങ്ങനെ വായനാലോകത്തിതെന്തെല്ലാം
ഒന്നിച്ചു കൂടുവിൻ കൂട്ടുകാരേ .....
ഒന്നിച്ചു വായിക്കാം കൂട്ടുകാരേ......

അർച്ചനാദേവി



# നാടൻപാട്ട്



തന്തിന തന്തിന താന തന്തിന
തന്തിന തന്തിന താനാനാനേ{2}

പാടത്തു നിക്കണ പെണ്ണുങ്ങളേ
നിങ്ങള് മാനത്തോട്ടൊന്നങ്ങ് നോക്കിക്കേ
നിങ്ങള് കൊയ്യണ കണ്ടിട്ട് അങ്ങേര്
നോക്കിനിക്കണ കണ്ടില്ലേ...

തന്തിന തന്തിന താന തന്തിന
തന്തിന തന്തിന താനാനാനേ{2}

ആറ്റില് നീന്തണ പിള്ളാരേ
നിങ്ങള് അക്കരക്കൊന്നങ്ങ് നോക്കിക്കേ
നിങ്ങള് നീന്തണ കണ്ടിട്ട് അങ്ങേര്
നോക്കിനിക്കണ കണ്ടില്ലേ...



ജെൻസി
ക്ലാസ്-7

# കവിതകൾ

## താരകളേ...


സുജാത ആർ

മാനത്തെത്താരകളെ...
ആകാശ കന്യകളെ..
ആലോല ഗാനം പാടാൻ
അരികിൽ അണഞ്ഞീടാമോ...

നോക്കുമ്പോൾ നാണം കൊണ്ടോ
മറയുന്നതു നിങ്ങൾ അഴകേ
മറയാതെ മിന്നുക നിങ്ങൾ
കണ്ണിന്നതു സുകൃതം തന്നെ.

## സ്നേഹം

സ്നേഹം നൽകണം സ്വീകരിച്ചീടണം
സ്നേഹിക്കുവാൻ നാം പഠിച്ചിടേണം
ലാഭനഷ്ടങ്ങൾ നോക്കി സ്നേഹിച്ചിടാതെ നാം
നിഷ്കാമമായി സ്നേഹിക്കാൻ പഠിക്കണം

## ഓർക്കുക

ഓർക്കുക വല്ലപ്പോഴും
നമ്മളിലറിവിന്റെ
ദീപങ്ങൾ തെളിയിച്ച
ഗുരുനാഥൻമാരെയെല്ലാം
ആ ദിവ്യസ്മരണകൾ
ജീവിത പ്രയാണത്തിൽ
പടവുകളേറാനുള്ള
ഊർജമായ്മാറും സത്യം .

# ദാരിദ്ര്യം എന്ന മഹാവിപത്ത്

അങ്ങ് ദൂരെ ഒരു ഗ്രാമം.ആ ഗ്രാമം മുഴുവൻ കൊടുംവിശപ്പാൽ മുങ്ങിക്കിടക്കുന്നു. എങ്ങും ദാരിദ്ര്യം നടമാടിക്കൊണ്ടിരിക്കുന്നു.വിശപ്പ് കാരണം പരസ്പരം പിച്ചിച്ചീന്തിത്തിന്നുന്ന അവസ്ഥ. കൊച്ചുവേലു തന്റെ ഭാര്യയുമായി ആലോചിച്ച് തന്റെ മക്കളെ നാട് കടത്താൻ തീരുമാനിച്ചു. എന്റെ പൊന്നു മക്കളെ നിങ്ങൾ ദൂരെ ഒരു ഗ്രാമത്തിൽ ചെന്നാൽ നല്ല ഭക്ഷണം കിട്ടും.ഒരുപാട് പണവും കിട്ടും അതോടെ നമ്മുടെ ദാരിദ്ര്യം തീരും. കുട്ടികൾ വളരെ സന്തോഷത്തിലായി. എല്ലാവരും തുള്ളിച്ചാടി. വേലുവും മക്കളും അമ്മയോട് യാത്ര പറഞ്ഞ് പുറപ്പെട്ടു. ആ അമ്മ ഹൃദയം പൊട്ടുമാറ് നിലവിളിച്ചു. പക്ഷേ ആ നിലവിളി ആരും കേട്ടില്ല. എന്റെ പൊന്നുമക്കൾ......അവർ അറിയുന്നില്ലല്ലോ ദൈവമേ........

അവർ നടന്ന് ദൂരെ ഒരു വിജനമായ സ്ഥലത്തെത്തി. ചുറ്റും ഒരു പ്രാണി പോലും ഇല്ല.ഇവിടെ ഞങ്ങൾ എന്ത് ചെയ്യാനാണച്ഛാ?എന്തോ ചിന്തിച്ചുറപ്പിച്ചപോലെ ആ മക്കളോട് അച്ഛൻ പറഞ്ഞു.ഈ കാണുന്നയിടം നമ്മൾ കുഴിക്കണം.ഇവിടെ ഒരു നിധിയുണ്ട്. അത് കിട്ടിയാൽ നമ്മുടെ പട്ടിണിയും ബുദ്ധിമുട്ടുമെല്ലാം മാറും. നമ്മൾ സന്തോഷത്തോടെ ജീവിക്കും. ആ മക്കൾ തങ്ങളുടെ ആരോഗ്യത്തിനുമപ്പുറം ഭൂമി കുഴിച്ചു. ഭൂമിയുടെ ആഴം ഏറിവരുന്നു. മക്കൾ ക്ഷീണിതരായി. ഈ സമയം അച്ഛൻ വേറൊന്നുമാലോചിക്കാതെ തന്റെ ജീവന്റെ ജീവനായ മക്കളെ ഓരോരുത്തരേയും ആ കുഴിയിലേക്ക് തള്ളിയിട്ടു.മണ്ണിട്ട് മൂടി

ഇനി തന്റെ മക്കളെ ആരും പിച്ചക്കാരെന്ന് വിളിക്കില്ല.കള്ളനെന്നും വിളിക്കില്ല.നാടിനും വീടിനും നാണക്കേടും ഉണ്ടാകില്ല.ദാരിദ്ര്യം എന്ന കൊടും വിപത്തുമൂലം സ്വന്തം മക്കളെപ്പോലും മണ്ണിട്ട് മൂടേണ്ടിവരുന്ന

**ദുരവസ്ഥ......വേലു എന്ന അച്ഛനെപ്പോലെ ആർക്കും ഉണ്ടാകരുത്.**

**നമുക്ക് ഭക്ഷണത്തിനുള്ള വക ഈ ഭൂമി നൽകും നമ്മുടെ ഭൂമിയെ ഹരിതാഭമാക്കി അധ്യാനിച്ച് നമുക്ക് ഓരോരുത്തർക്കും ജീവിക്കാം.ദാരിദ്ര്യം എന്ന വിപത്തിനെ നമുക്കൊന്നായി ഉൻമൂലനം ചെയ്യാം.**

**"ദാരിദ്ര്യം ഇല്ലാതാകട്ടെ**
**ഭൂമി തളിരണിയട്ടെ "**



നാജിയ
ക്ലാസ്-5

# മണ്ണ്

മണ്ണിനാൽ മർത്യനെ
സ്വരൂപത്തിൽ സൃഷ്ടിച്ച
യുടയോനമെത്രമേൽ
മണ്ണിനെ സ്നേഹിക്കുന്നു
മണ്ണാണ് മനസ് തനുവാണ് മണ്ണ്
മണ്ണില്ലാതൊരു
മാനവ ചിന്തയുണ്ടോ
കലാസൃഷ്ടിയുണ്ടോ സംസ്കാരമുണ്ടോ
മനോമോഹന സ്വപ്നങ്ങൾ
തളിരിടുന്നതുമീ മണ്ണിലല്ലോ.



മതിയാവോളം
സ്വപ്നംകണ്ടുണരുന്ന
ഹൃദയങ്ങൾ മണ്ണിലല്ലാതെ
മറ്റെവിടെ കാണാം
മരങ്ങളാൽ
ജൈവ വൈവിധ്യത്താൽ
മാതാവാം ഭൂമിയെ
മനോഹരാംഗിയാക്കുന്നതു
മണ്ണുതന്നെ
മഹാമേരുക്കളും
സമതലങ്ങളും സാഗരങ്ങളും
മംഗളം പരത്തുന്ന
മണ്ണിൻ മടിയിൽ
മയങ്ങുന്നോരായിരം
മഞ്ജുള ജീവികൾ .

മയൂഖങ്ങൾതൻ നടനവും
മഞ്ജീര ധ്വനി മുഴക്കിയൊഴുകും കാട്ടാറുകളും
മഞ്ഞണിഞ്ഞ മാമലകളെ

തഴുകും മന്ദാനിലനും
ശോഭിക്കുംമീ മണ്ണെത്ര മഞ്ജുളം .
മാറുന്ന കഠോരപാറകൾ
സൂര്യതാപത്താൽ വീണ്ടുകീറി
മഹാവർഷത്തിൽ
മേയ്യോട്ടുമെയ്യുരുമ്മി
മൃദുവായ മണ്ണായി .

മൗനമായിതാലോലിച്ച
കൃഷിവലൻ
പൊന്ന്‌വിളയിക്കുമീ
സ്വർഗ്ഗവും മറ്റൊന്നല്ല
മാതാവാം മണ്ണ് ചതിക്കില്ല
മർത്യനെയൊരിക്കലും
മണ്ണിൻ മടിയിൽ മയങ്ങും
മഹാത്ഭുതങ്ങൾ
അനേകമല്ലോ
മണ്ണ് എത്രതരം
വിളയുന്നതെത്ര
ഭക്ഷ്യ വസ്തുക്കളീ മണ്ണിൽ.


മൃഗാങ്കനായ ചന്ദ്രനും
മാരിവിൽ മാനത്ത്
വിരിയിക്കുമർക്കനുമല്ലൊ
മണ്ണേ നിന്നെ
പുഷ്ടിണിയാക്കും മാരന്മാർ.
മഹാവിപത്തിനു
നിദാനമാം വികിരണങ്ങളെ
നിർവീര്യമക്കുമീ
ഓസോൺപാളിയും
നിനക്കുവേണ്ടി.
മണ്ണില്ലാതെ വികസനമുണ്ടോ? ശാസ്ത്രമുണ്ടോ?
'ഇസങ്ങൽക്ക 'നിലനിൽപ്പുണ്ടോ ?
മാനിക്ക മണ്ണിനെ സ്നേഹിക്ക മണ്ണിനെ
പ്രണയിക്ക മണ്ണിനെ

മൃതസഞ്ജീവനിയാം
ജൈവകൃഷി പുനർജനി നൽകട്ടെ ,
ഭവിക്കട്ടെ മണ്ണേ നിനക്ക്
മംഗളം സദാ മംഗളം!!

വിമല എ എസ്

# തവളച്ചൻ

**പച്ചയുടുത്തൊരു തവളച്ചൻ**
**പേക്രോം പേക്രോം തവളച്ചൻ**
**പുല്ലിനിടയിൽ കല്ലിനിടയിൽ**
**ചാടി നടക്കും തവളച്ചൻ**
**മഞ്ഞച്ചേരയെ കണ്ടാലോ**
**ഓടി ഒളിക്കും തവളച്ചൻ.**





ജുമാന ബുഷ്റ എസ്
ക്ലാസ്-9

# ഞങ്ങളുടെ ശലഭോദ്യാനം-റിപ്പോർട്ട്



ഷൈനി ഡി

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി 2017-18 ന്റെ ഭാഗമായി വീയപുരം ഗവ. ഹയർസെക്കന്ററി സ്കൂളിൽ ഒരു ശലഭോദ്യാനം നിർമ്മിക്കുന്നതിന് തീരുമാനിച്ചു.



എല്ലാ ക്ലാസ്സുകളിലും വിവിധ വിഷയങ്ങളിൽ ശലഭങ്ങളുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ഉണ്ട്. സ്കൂളിൽ ഒരു ശലഭോദ്യാനം ഒരുക്കുന്നതിലൂടെ കേവലം ചിത്രശലഭങ്ങളുടെ ജീവിതചക്രം മനസ്സിലാക്കുന്നതിലുപരി ഇവ പ്രകൃതിക്കു നൽകുന്ന സേവനങ്ങൾ നേരിട്ടു മനസ്സിലാക്കാൻ കുട്ടികൾക്കു സാധിക്കുന്നു. ഭക്ഷ്യ വിളകളിലെ പരാഗണ പ്രക്രിയയിൽ ശലഭങ്ങൾ ഉൾപ്പെടുന്ന ഷഡ്പദങ്ങളുടെ പങ്ക് ബോദ്ധ്യപ്പെടുന്നതിനും നാടൻ സസ്യങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും പ്രാധാന്യം മനസ്സിലാക്കുന്നതിനും കഴിയുന്നു. ശലഭങ്ങളുടെ ആതിഥേയ സസ്യങ്ങൾ നട്ടുവളർത്തുന്നതിലൂടെ നമുക്കു ചുറ്റുമുള്ള ഒട്ടുമിക്ക സസ്യങ്ങളേയും തിരിച്ചറിയാൻ കഴിയുന്നു. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നതിലൂടെ മറ്റ് ദുശ്ശീലങ്ങളിൽ നിന്നും അവരെ അകറ്റി പ്രകൃതി സ്നേഹം വളർത്തുന്നതിനും, പ്രവർത്തനങ്ങൾ പൊതു സമൂഹവുമായി പങ്കുവയ്ക്കുന്നതിനും സാധിക്കുന്നു.

വിദഗ്ധരുടെ നിർദ്ദേശ പ്രകാരം ശലഭങ്ങളുടെ ആതിഥേയ സസ്യങ്ങളെ കണ്ടെത്തി ശേഖരിച്ചു . സമീപത്തുള്ള നഴ്സറി സന്ദർശിച്ച് കൂടുതൽ സസ്യങ്ങൾ ലഭ്യമാക്കി. ഉദ്യാന നിർമ്മാണത്തിനു കണ്ടെത്തിയ സ്ഥലം ചെടികൾ നടുന്നതിന് വൃത്തിയാക്കി തടമൊരുക്കുകയും യഥാസ്ഥാനങ്ങളിൽ ചെടികൾ നടുകയും ജലസേചന സൗകര്യം ഉറപ്പാക്കുകയും ചെയ്തു.

കുട്ടികളെ ഗ്രൂപ്പുതിരിച്ച് ഓരോദിവസവും ചെടികൾ പരിപാലിക്കുന്നതിനുള്ള ചുമതല നൽകി. തോട്ടത്തിനു സമീപം ചെറിയ ജലാശയം നിർമ്മിക്കുകയും അനുബന്ധമായി പച്ചക്കറിത്തോട്ടം ഒരുക്കുകയും ചെയ്തു.

കുട്ടികൾ ഉദ്യാനത്തിലേക്കാവശ്യമായ പൂച്ചെടികൾ ശേഖരിച്ച് നടുകയും ശലഭങ്ങളെ പുസ്തകങ്ങളുടെ സഹായത്താൽ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുകയും ചെയ്തു. ഓരോ ശലഭങ്ങളും മുട്ടയിടുന്ന ചെടികൾ തിരിച്ചറിഞ്ഞ് ലാർവ്വകൾ തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തി. ചിത്രങ്ങളും വീഡിയോകളും പകർത്തി. ചിത്രശലഭങ്ങളുടെ വിവിധ ജീവിതഘട്ടങ്ങൾ കുട്ടികൾ പരിചയപ്പെട്ടു.

## കൈവരിച്ച മികവുകൾ

- സ്കൂൾ കവാടത്തിൽ മനോഹരമായ ഉദ്യാനം നിർമ്മിക്കാൻ കഴിഞ്ഞു.
- ചിത്രശലഭങ്ങളെ കുറിച്ചുള്ള ഒരു പതിപ്പ് തയ്യാറാക്കാൻ സാധിച്ചു.
- ദശപുഷ്പങ്ങളെ തിരിച്ചറിഞ്ഞ് പ്രത്യേക തോട്ടം നിർമ്മിക്കാൻ കഴിഞ്ഞു.
- ചിത്രശലഭങ്ങളുടെ ജീവിത ചക്രം നേരിട്ട് മനസ്സിലാക്കിയപ്പോൾ ലാർവകളോടുള്ള അറപ്പും ഭയവും ഇല്ലാതായി.
- ചില കുട്ടികൾക്കുണ്ടായിരുന്ന ദുശ്ശീലങ്ങൾ പൂർണ്ണമായും ഇല്ലാതായി. അവർ പ്രകൃതി സ്നേഹികളായി.



# ഓണനിലാവ്

ഓണപ്പൂവിളിയുയർന്നുവെന്നോ?
ഓമൽത്തുമ്പികൾ പാറിയെന്നോ?
ഓർക്കുവാനേറെപ്പഴമതൻ
പൈതൃകം  തൂശനിലയിൽ വിളമ്പിവെച്ച്

ഒരുമതൻ സന്ദേശമേറ്റുവാങ്ങി
ഒരു വയൽപ്പക്ഷി വിരുന്നുവന്നു.
കദനത്തിൽ കഥയോതി കർക്കിടകമേഘങ്ങൾ
കാണാക്കയത്തിലേക്കാഴ്ന്നുവെന്നോ

കുടമുല്ലയെന്തിനോ തിരുമുറ്റമാക്കവെ
കുടമാറ്റമാടിത്തിമർത്തുവെന്നോ?
കാവിലെ തുമ്പകൾ കാറ്റിനോടൊപ്പമായ്
കഥകളിയാടി സ്വയം മറന്നോ?

കാലം രചിച്ചൊരാ മധുരമാം ഗീതികൾ
കാതരയാം പക്ഷിയേറ്റുപാടി
കനവുകളേറെക്കൊരുത്തൊരാ-
ക്കവിതകൾ കസവുടുത്തെന്തിനോ നൃത്തമാടി

കൈയെത്തുംദൂരെയായ്  മാടിവിളിച്ചുവോ
കൊലുസണിഞ്ഞെത്തിയ ബാല്യകാലം
പാണന്റെ തുടികൊട്ടും പാട്ടിലലിയുന്നു
 പഴയ കോലായിലെച്ചെറുതേങ്ങലും

പാലമൃതൂട്ടുവാൻ പാലട വെയ്ക്കുന്നു
പാടവരമ്പിലെയമ്മക്കിളി
പാൽനിലാപ്പുഞ്ചിരി    തൂകിയൊരുത്രാടം
പാതിരാപ്പാൽക്കടൽ താണ്ടിയെന്നോ

പൊന്നിൻകസവുട്ടുത്തെത്തി തിരുവോണം
നമ്മതൻ പൂക്കളം നോക്കിനിന്നു.
സൗഹൃദവീഥികളേകിയ നാട്ടോണം
സ്നേഹവുമുണ്ടു പടിയിറങ്ങി.

സിന്ധുകുമാരി പി എസ്

# നൊമ്പരം

ഹൃദയത്തിനുള്ളിലെ നൊമ്പരമേ
അറിയാതെ എന്നുള്ളിൽ തട്ടരുതേ
വീശുന്ന കാറ്റിന്റെ കുളിരുപോലെ
നീയെന്നിൽ വിഷമങ്ങൾ തട്ടരുതേ

മാനത്തെ അമ്പിളിമാമനേയും
രാവിലെ കാണുന്ന സൂര്യനേയും
മാനത്തെ നക്ഷത്രക്കൂട്ടത്തെയും
നിശയിലെ മിന്നാമിനുങ്ങിനേയും
കാണുവാനെൻ മനം കൊതിപ്പൂ...

കാറ്റിൽ ആടുന്ന വൃക്ഷങ്ങളും
കൂടുകൾ കൂട്ടുന്ന പക്ഷികളും
പുഴയിൽ നീന്തുന്ന മീനുകളും
കരയിൽ കാണുന്ന പൂവുകളും
കാണുവാനെൻ മനം കൊതിപ്പൂ...

ജെൻസി
ക്ലാസ്-7

# വലയിൽ ചാടിയ സിംഹം



കിച്ചു സാറാ തോമസ്
ക്ലസ്-3

ഒരിക്കൽ ഒരു സിംഹം വേട്ടക്കാരുടെ വലയിൽ വീണു. ആ വലയിൽ നിന്ന പുറത്തുവരാൻ ആ സിംഹം കഠിനമായി ശ്രമിച്ചു. ഒടുവിൽ തളർന്ന് അവിടെത്തന്നെ കിടന്നു. അതുവഴി ആരെങ്കിലും വരുന്നുണ്ടോ എന്ന് അവൻ ഇടയ്ക്കിടെ നോക്കി. അങ്ങനെ കുറേ സമയം കടന്നുപോയി. പിന്നെ ആ സിഹം ദൂരേക്കു നോക്കിയപ്പോൾ ദാ ഒരു എലി വരുന്നു. എന്നാലും കാട്ടിലെ രാജാവായ സിംഹത്തിന് പ്രജയായ കുഞ്ഞൻ എലിയോടു സഹായം ചോദിക്കാൻ മടിയായിരുന്നു. എന്നാലും തന്റെ ജീവൻ രക്ഷിക്കാനായി സിംഹം എലിയോട് സഹായം ചോദിച്ചു. പക്ഷേ ആ എലിക്ക് സിംഹത്തിനെ പേടിയായിരുന്നു. ആ വലയിൽ നിന്നും സിംഹം പുറത്തുവന്നാൽ തന്നെ തിന്നുമെന്നായിരുന്നു അവന്റെ പേടി. എന്നിട്ടും തന്റെ രാജാവായ സിംഹത്തിനെ എലി രക്ഷിച്ചു. അങ്ങനെ അവർ ഉറ്റ ചങ്ങാതിമാരായി ജീവിച്ചു.

# മാടത്തക്കിളിയോട്

പാട്ടു പാടി പാടത്തെത്തിയ മാടത്തക്കിളിയേ

എന്തൊരു മധുരംനിന്നുടെ ഗാനം-

പൊന്നോമൽക്കിളിയേ.

തെങ്ങിൻ മണ്ടയിലുള്ളോരു

വീട്ടിൽ നിനക്കു സുഖമാണോ?

കുഞ്ഞുക്കൾക്കു കൊടുക്കാൻ

അവിടെ പുത്തരിയവലുണ്ടോ?

പുല്ലിന്നിടയിൽ തത്തിച്ചാടി

നടക്കണതെന്തിനു നീ?

പുൽച്ചാടികളെ കൊത്തിവിഴുങ്ങാൻ

നിനക്കു വിരുതുണ്ടോ?

വിത്തും കൊത്തി തത്തി നടക്കും

തിത്തെയ്യം കിളിയേ എന്തൊരു ചന്തം

നിന്നെക്കാണാൻ പുന്നാരക്കിളിയേ?




പൗർണമി

ക്ലാസ്-3

# മഹത്‌വ്യക്തികൾ

## 1.ഗാന്ധിജി (1869 ഒക്ടോബർ 2-1948 ജനവരി 30)




ഇന്ത്യൻ സ്വാതന്ത്ര്യസമര നേതാവും വഴികാട്ടിയുമായിരുന്നു.ഇന്ത്യയുടെ "രാഷ്ട്രപിതാവ്"എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു.അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി.മഹത്തായ ആത്മാവ്എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥം വരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു.ഉപവാസംഅഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോള തലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു.മാർട്ടിൻ ലൂഥർ കിംഗ്, സ്റ്റീവ് ബികോ, നെൽസൺ മണ്ടേല, ഓങ് സാൻ സൂചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽപെടുന്നു. ഭാരതീയർ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തിഎന്ന പേരിൽ ദേശീയഅവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസാ ദിനമായും പ്രഖ്യാപിച്ചിട്ടുണ്ട്..

## 2.എബ്രഹാം ലിങ്കൺ(ഫെബ്രുവരി 12,1809 – ഏപ്രിൽ 15, 1865).

അമേരിക്കൻ ഐക്യനാടുകളുടെ പതിനാറാം പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ. അമേരിക്കൻ ഐക്യനാടുകളിലെ ഏറ്റവും വലിയ ആഭ്യന്തര പ്രതിസന്ധിയായിരുന്ന അമേരിക്കൻ സിവിൽ യുദ്ധകാലത്ത്‌രാജ്യത്തെ വിജയകരമായി മുന്നോട്ട് നയിച്ച നേതാവായിരുന്ന ലിങ്കൺ.അമേരിക്കയിലെ അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മുഖ്യനായകനായിരുന്ന അദ്ദേഹം 1860 ൽ നടന്ന തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെസ്ഥാനാർഥിയായി



മത്സരിച്ച് പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ റിപ്പബ്ലിക്കൻപ്രസിഡന്റായിരുന്ന ലിങ്കൺ.പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് അഭിഭാഷകൻ, ഇല്ലിനോയി സംസ്ഥാനത്തിൽ നിയമസഭാസാമാജികൻ, അമേരിക്കൻ കോൺഗ്രസ്സിലെ അധോമണ്ഡലമായ ഹൗസ് ഓഫ് റെപ്രസെന്റ്റേറ്റീവ്സ് അംഗം, പോസ്റ്റ്മാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.അമേരിക്കൻ ആഭ്യന്തര യുദ്ധം, വിഘടനവാദ നിലപാടുകൾ പുലർത്തിയിരുന്ന അമേരിക്കൻ കോൺഫെഡറേറ്റ് സംസ്ഥാനങ്ങളുടെതോൽവി എന്നിവകൊണ്ട് സംഭവബഹുലമായിരുന്നു അദ്ദേഹത്തിന്റെ പ്രസിഡൻസി കാലഘട്ടം. പ്രസിഡന്റായിരിക്കെ അടിമത്തം അവസാനിപ്പിക്കുന്നതിനായി ശക്തമായ നിലപാടു കൈക്കൊണ്ട ലിങ്കൺ സ്വീകരിച്ച പ്രധാന നിയമ നടപടിയാണ് 1863–ലെ വിമോചന വിളംബരം അഥവാ അമേരിക്കൻ ഐക്യനാടുകളിലെ അടിമത്തം പൂർണ്ണമായും നിരോധിച്ച ഭരണഘടനയുടെ പതിമൂന്നാം ഭേദഗതിക്കുള്ള അടിസ്ഥാനമായി മാറി ഈ വിമോചന വിളംബരം.

കെന്റക്കിയിൽജനിച്ച, ലിങ്കൺ പടിഞ്ഞാറൻ അതിർത്തിയിലെ ഒരു ദരിദ്ര കുടുംബത്തിലാണു വളർന്നത്. സ്വയമേവ വിദ്യാഭ്യാസം നേടിയ അദ്ദേഹം,ഇല്ലിനോയിൽ ഒരുഅഭിഭാഷകനായി ജോലി സമ്പാദിച്ചു. ഒരു വിഗ് പാർട്ടി നേതാവെന്ന നിലയിൽ, അദ്ദേഹം എട്ട് വർഷം നിയമസഭയിലും രണ്ടുവർഷം കോൺഗ്രസിലും സേവനമനുഷ്ഠിച്ചതിനുശേഷം അഭിഭാഷക ജോലിയിലെ തന്റെ പ്രായോഗിക പരിശീലനത്തിലേക്കു പിന്തിരിഞ്ഞു. പടിഞ്ഞാറൻ പ്രയറി ഭൂപ്രദേശങ്ങളിൽ അടിമത്ത വ്യവസ്ഥ ആരംഭിക്കുന്നതിൽ ഡെമോക്രാറ്റുകൾ നേടിയ വിജയം അദ്ദേഹത്തെ പ്രകോപിതനാക്കുകയും അദ്ദേഹം 1854–ൽ വീണ്ടും രാഷ്ട്രീയത്തിലേയ്ക്കു പുനപ്രവേശനം നടത്തുകയും ചെയ്തു. വിഗ്ഗ് പാർട്ടി എന്ന പഴയ രൂപത്തിൽനിന്നും അടിമത്ത വിരുദ്ധ

ഡെമോക്രാറ്റുകളിൽ നിന്നുമായി പടിഞ്ഞാറൻ മേഖലയിൽ പുതിയ റിപ്പബ്ലിക്കൻ പാർട്ടിയെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം ഒരു നേതാവായി പ്രവർത്തിച്ചു. 1858 ൽ ഒരു ഉന്നത ദേശീയ ഡെമോക്രാറ്റിക് നേതാവായിരുന്ന സ്റ്റീഫൻ.എ ഡഗ്ലാസ്സുമായുള്ള വാഗ്വാദത്തിലൂടെ അദ്ദേഹം ദേശീയ ശ്രദ്ധ നേടിയിരുന്നു. ആ മത്സരം അദ്ദേഹത്തിനു നഷ്ടമായെങ്കിലും 1860 ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഒരു മിതവാദിയായ പടിഞ്ഞാറൻ സ്ഥാനാർത്ഥിയായി ചാഞ്ചല്യമുള്ള ഒരു സംസ്ഥാനത്തിൽനിന്ന് അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടു. വടക്കൻ മേഖല അപ്പാടെ തൂത്തുവാരിയ അദ്ദേഹം 1860 ൽ അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അടിമത്തത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള തെക്കൻ സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ തള്ളിക്കളയുന്നതിന്റെ തെളിവായി അദ്ദേഹത്തിന്റെ വിജയത്തെ തെക്കൻ അടിമത്ത അനുകൂലികൾ എടുത്തു കാട്ടി. അവർ യൂണിയനിൽ നിന്ന് വേർപെട്ട് ഒരു പുതിയ രാജ്യം രൂപീകരിക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങി. എന്നാൽ വടക്കൻ സംസ്ഥാനങ്ങളിൽ ദേശീയതഎന്നത് രൂഢമൂലമായ ഒരു ശക്തിയായിരുന്നതിനാൽ വേർപിരിയലിനെ അവർ ശക്തമായി എതിർത്തു. യൂണിയൻ സേനയുടെ തെക്കൻ മേഖലയിൽ അവശേഷിച്ചിരുന്ന ദുർഗ്ഗങ്ങളിലൊന്നായിരുന്ന ഫോർട്ട് സംട്ടറിനുനേരേ അമേരിക്കയുടെ പുതിയ കോൺഫെഡറേറ്റ് സ്റ്റേറ്റ്സ് വെടിവപ്പ് ആരംഭിച്ചപ്പോൾ കലാപത്തെ അടിച്ചമർത്താനും യൂണിയന്റെ അഖണ്ഡത നിലനിറുത്തുവാനുമായി ലിങ്കൺ സന്നദ്ധപ്രവർത്തകരോടും പൗരസേനയോടും യുദ്ധത്തിൽ അണിചേരാൻ ആഹ്വാനം ചെയ്തു. റിപ്പബ്ലിക്കൻ പാർട്ടിയുടെ മിതവാദ വിഭാഗത്തിന്റെ മുഖമായ ലിങ്കൺ, തെക്കൻ സംസ്ഥാനങ്ങളെ കൂടുതൽ കടുത്തരീതിയിൽ കൈകാര്യം ചെയ്യണമെന്ന പക്ഷക്കാരായ റിപ്പബ്ലിക്കനുകളിലെ ഉത്പതിഷ്ണുക്കളുമായി ഏറ്റുമുട്ടി. യുദ്ധാനുകൂലികളായ ഡെമോക്രാറ്റുകൾ, മുൻ എതിരാളികളുടെ ഒരു വലിയ വിഭാഗത്തെ തങ്ങളുടെ ക്യാമ്പിലേക്ക് കൂട്ടിച്ചേർത്തു. കോപ്പർ ഹെഡ്സ് എന്നു വിളിക്കപ്പെട്ടിരുന്ന യുദ്ധവിരുദ്ധരായ ഡെമോക്രാറ്റുകൾ അദ്ദേഹത്തെ പുച്ഛിക്കുകയും പരസ്പര വിരുദ്ധരായ വിഘടനവാദികൾ അദ്ദേഹത്തെ കൊലചെയ്യുവാനായി ഉപജാപങ്ങൾ നടത്തുകയും ചെയ്തു.

1865 ഏപ്രിൽ 14 വെള്ളിയാഴ്ച്ച വാഷിങ്ടൺ, ഡി.സി.യിലെ ഫോർവോഡ് തീയറ്ററിൽ വെച്ച്, നടനും കോൺഫെഡറേറ്റ്അനുകൂലിയുമായ ജോൺ വിൽക്കിസ് ബൂത്ത്എന്നയാളുടെ വെടിയേറ്റാണ് ലിങ്കൺ മരണമടഞ്ഞത്. അമേരിക്കൻ ചരിത്രത്തിൽ, വധിക്കപ്പെട്ട ആദ്യത്തെ പ്രസിഡന്റും പദവിയിലിരിക്കെ അന്തരിച്ച രണ്ടാമത്തെ പ്രസിഡന്റുമാണ് എബ്രഹാം ലിങ്കൺ.

## 3)കുമാരനാശാൻ(1873 ഏപ്രിൽ –1924 ജനുവരി)



മലയാളത്തിന്റെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് എൻ. കുമാരനാശാൻ. ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.

മലയാളകവിതാലോകത്ത് നിറസാന്നിദ്ധ്യമായി നിറഞ്ഞുനിൽക്കുന്ന കാലത്താണ് 1924 ജനുവരി 16-ന് പല്ലനയാറ്റിൽ റെഡീമർ എന്നുപേരുള്ള ഒരു ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ കുമാരനാശാൻ അന്തരിച്ചത്. 51 വയസ്സേ അപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ഏറെ ദുരൂഹമായ ഈ അപകടം നടന്നത് ഒരു പരിപാടിയിൽ പങ്കെടുത്തശേഷം ആലപ്പുഴയിൽനിന്നും കൊല്ലത്തേയ്ക്ക് മടങ്ങിവരുമ്പോഴായിരുന്നു. പല്ലനയിൽ വച്ചുണ്ടായ ഈ അപകടത്തിൽ എല്ലാവരും മരിച്ചിരുന്നു.

## 4.ഒ.എൻ.വി കുറുപ്പ് ( 1931-2016)



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ എൻ വി കുറുപ്പ്. ഒ എൻ വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 അത്തം നക്ഷത്രത്തിൽ ജനനം. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ എൻ വി. എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു . തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവുംകരസ്ഥമാക്കി. 1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-നു ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു.

**കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ** പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി **തന്റെ ആദ്യ കവിതയായ "മുന്നോട്ട് "എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.**
**വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.**

സമ്പാ: ധനഞ്ജയ് കൃഷ്ണ

# എന്റെ പൂന്തോട്ടം

തെച്ചിയും റോസയും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു.
പിച്ചിയും മുല്ലയും ചേമന്തിയും പൂത്തു
പൂമണം തൂകി കുണുങ്ങി നിന്നു.
ഞാനും വരട്ടെയെന്നോതി നിശാഗന്ധി
തൂവെള്ള ചാർത്തി വിടർന്നു നിന്നു.
മഞ്ഞയും നീലയും ചുറ്റിയ കോളാമ്പി
വേലിക്കരികിലായ് കാത്തു നിന്നു.
പൂന്തേൻ കുടിച്ചു മദിച്ചു പൂമ്പാറ്റകൾ
പൂക്കാലമായെന്ന് മൂളുന്നു വണ്ടുകൾ
തെച്ചിയും റോസയും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു.



അൻസിയ
ക്ലാസ്-

# അമ്മ



മിനിമോൾ പി

അമ്മയെന്ന രണ്ടക്ഷരം
ഓർക്കുമ്പോൾ എന്നുള്ളിൽ
നിറയുന്നു അതിരറ്റ സന്തോഷം
അമ്മ ചൊല്ലിത്തന്ന വാക്കുകൾ
എപ്പോഴും എൻമനസ്സിൽ നിറഞ്ഞു
ആദ്യാമായി ചൊല്ലിയ വാക്ക് അമ്മ
അമ്മയെന്ന രണ്ടക്ഷരം കേൾക്കുമ്പോൾ
എല്ലാ മനസ്സിലും സ്നേഹം നിറയും
പിഴവുകൾ എല്ലാം പൊറുത്തെന്നെ
കാക്കുന്ന കരുണാമയിയാണെന്നമ്മ
അമ്മിഞ്ഞപാലിന്റെ മാധുര്യമോർത്താൽ
എങ്ങനെ മറക്കാൻ കഴിയും പെറ്റമ്മയേ
താരാട്ടുപാടിയുറക്കിയെന്നമ്മ
വീഴാതെ താങ്ങി നടത്തി പൊന്നമ്മ
അമ്മയാം നന്മയിൽ അർപ്പിച്ചിടുന്നു
ഞാൻ എന്റെ ജീവിത നന്മയെല്ലാം.

# കാറ്റിന്റെ നിഴൽസ്പർശം



ആദിത്യ എ
ക്ലാസ്-9

പൂക്കളേ തഴുകി തഴുകി ഒഴുകിയെത്തുന്ന പൂങ്കാറ്റേ
നിന്റെ മധുരമായ ഗീതംകേട്ടു
മന്ദഹാസത്തിൽ മുഴുകി ഞാൻ
നീ എന്നെ തഴുകിത്തളരവേ.....
ഒരു വസന്തമായ് നീ എന്റെ
അരികിൽ അണഞ്ഞപ്പോൾ
എന്തെന്നില്ലാത്ത ഒരാനന്ദം നീ എനിക്കു തന്നു.
പൂക്കളേ തഴുകിയെത്തുന്ന
കാറ്റിൻ ഗന്ധത്തിൽ ഞാനാനന്ദിക്കുന്നു.

# ഓണപ്പാട്ട്

ഓണം വന്നു തിരുവോണം
കേരളനാടിന് പൊന്നോണം
തുമ്പ  ചിരിക്കും തിരുവോണം
തുമ്പികൾ തുള്ളും തിരുവോണം
പൂവിളി കേൾക്കും  തിരുവോണം
പൂക്കളിറുക്കും പൊന്നോണം
മാവേലിയെത്തും തിരുവോണം
മാമലനാടിന് പൊന്നോണം
ഊഞ്ഞാലാടിപ്പാടി രസിക്കും
മലയാളത്തിന് തിരുവോണം.

ദിയ ദീപു
ക്ലാസ്-4

# The Almighty

I,the part of the cosmos
believe in the Almighty
Sorrows,chaos,Miseries are
the parts of life here
I am pivoting around you
for acquiring positivity
which ensures my life
to sustain with blissful health
Yes..I wish to live here,
but how can I succumb
without the haunting thoughts?
It nettle me perpetually
Like the waves beat up the shore
Amidst I bump towards you
the almighty ...for an alleviation
I pick up  the messages from you
through the ardent prayers
to get over the entire miseries
Which fell upon me from previous births
its a fact ancestors said so..
I wish to think so..
to live here like this...

Prabhadevi S

# ROSE FLOWER



**Oh…Rose , rose flower….**
**So cute your colour,**
**Please give me your colour**
**When I touch you….**
**Oh …Rose ,rose flower ….**
**So sweet your smell,**
**Please give me your smell**
**When I kiss you….**
**Oh… Rose, rose flower….**
**So cruel you are….**
**Your thorn is painful**
**No no never I pluck you….**
**I only enjoy your beauty….**

**Archana devi M A**

# सुबह

ले आती है  किरणें
भर कर उजाले का झोला
चिड़ियों की मधुर गान
उछल रही है मन में  ।
भरा सभी के मन में
सुख शीतलता का रंग
उठॊ हर्षभरी आँखों सॆ
करॊ सूरज का वंदन  ।

अबीष.एस
कक्षा-**9**

# राष्ट्रीय सूक्तियाँ

१.काश्मीर हाँ या कन्याकुमारी
भारत माता एक हमारी ।

२.हम हैं भारतवासी सब
बाँट सकें ना कोई अब ।

३.पढना-लिखना है आसान
पढ-लिखकर बनो महान ।

४.गुजरात हाँ या गोहटी
अपना देश अपनी माटी

५.पढ लो बहनो, पढ लो भाई
पढना -लिखना है सुखदाई ।

मिलन वि तोमस
कक्षा-8

# गिनती गीत

एक  दो तीन तीन तीन

चार पॉच छः छः छः

सात आठ नौ नौ नौ

दस ग्यारह बारह बारह बारह ।

तॊरॆ पापा मॊरॆ पापा डाक्टर

तॊरी मम्मी मॊरी मम्मी टीचर

तॊरॆ भैया मॊरॆ भैया इन्स्पॆक्टर

तॊरी दीदी मॊरी दीदी डैन्सर ।

**नासिया**
**कक्षा- 5**